ഉത്തരം

(എ &ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ, വിവിധ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കായി എനർജി മാനേജ്മെന്റ് സെന്ററിന് താഴെപ്പറയുന്ന തുകകൾ അനുവദിച്ചു നൽകിയിട്ടുണ്ട് :

2011-12 - 20 ലക്ഷം രൂപ

2012-13 - 65 ലക്ഷം രൂപ

2013-14 - 93 ലക്ഷം രൂപ

2014-15 - 161 ലക്ഷം രൂപ

ഇതുകൂടാതെ 2011-12-ൽ സപ്ളിമെന്ററി ഗ്രാന്റായി താഴെപ്പറയുന്ന വിവിധ പദ്ധതികൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

(1) 65 മുനിസിപ്പാലിറ്റികളിൽ 100 വീതം എൽ.ഇ.ഡി. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി 4.75 കോടി രൂപ

(2) 6 സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2.5 കോടി രൂപ.

(3) വിവിധ ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾക്കായി 2 കോടി രൂപ.

(4) ചെറുകിട-ഇടത്തരം വ്യവസായങ്ങളിലെ പഠനങ്ങൾക്കായി 62 ലക്ഷം രൂപ

(സി) ഉണ്ട്. വകുപ്പു തലത്തിൽ പദ്ധതി നടത്തിപ്പ് അവലോകനയോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്താറുണ്ട്.

കോവൂർ സെക്ഷൻ വിഭജനം

14 (360) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി വകുപ്പിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) കോഴിക്കോട് കോവൂർ സെക്ഷൻ വിഭജിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള സെക്ഷൻ ഓഫീസിലെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി. മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മി.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്.

(ബി) പ്രസ്തുത നിർദ്ദേശം പരിശോധിച്ചിരുന്നു. എന്നാൽ ഏകദേശം 27 ചതുരശ്ര കി. മീ. മാത്രം വിസ്തൃതിയുള്ളതിനാൽ കോവൂർ സെക്ഷന്റെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല.

കേബിൾ വയറുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ

15 (361) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ മണക്കാട് ഗംഗാ നഗർ, ബലവാൻ നഗർ, എം.എൽ.എ. റോഡിന്റെ പരിസരം എന്നീ പ്രദേശത്തെ (ഡിവൈൻ) സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർ, അവരുടെ കേബിൾ വയറുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യുടെ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗപ്പെടുത്തി വരുന്നു;

(ബി) ഇവർക്ക് കേബിൾ വയറുകൾ വലിക്കുന്നതിന് കെ.എസ്.ഇ.ബി. എത്ര പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; എന്ത് തുക ഈടാക്കിയിട്ടുണ്ട് ;

(സി) അനുമതി നൽകിയതിൽ കൂടുതൽ ഇലക്ട്രിക് പോസ്റ്റുകൾ ഈ സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും കുറ്റക്കാരായ ഏജൻസികൾക്കെതിരെ നടപടി എടുക്കുന്നതിനും ഗവൺമെന്റ് തലത്തിൽ നിലവിലുള്ള സംവിധാനമെന്തെല്ലാം ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly